കൊണ്ട് സുപ്രീം കോടതിയുടെ വിധിയുണ്ടായതുമൂലം ഫോറസ്റ്റിലും ആധാരങ്ങളുടെ രജിസ്ട്രേഷൻ കാര്യമായി കുറഞ്ഞതും ഫെയർ വാല്യൂ നിശ്ചയിക്കാത്തതും സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ വകുപ്പിലും വരുമാനം കുറയാൻ ഇടയായിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം ബന്ധപ്പെട്ട വകുപ്പുത്തലവൻമാരുടെയും ഗവൺമെന്റ് സെക്രട്ടറിമാരുടെയും സമ്മേളനം മാസം തോറും ചീഫ് സെക്രട്ടറി വിളിച്ചു കൂട്ടുകയും ടി സമ്മേളനത്തിൽ വച്ച് റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ ചർച്ചചെയ്തു തീരുമാനിച്ചു നടപ്പിലാക്കി വരികയും ചെയ്യുന്നു. കൂടാതെ ധനകാര്യമന്ത്രിയും റിവ്യൂ നടത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം നൽകുന്നുണ്ട്.

4 (1736) റവന്യൂ കമ്മി

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.3.1999 വരെയുള്ള സംസ്ഥാനത്തിന്റെ മൊത്തം കടം സർക്കാർ കണക്ക് പ്രകാരം വ്യക്തമാക്കുമോ;

(ബി) 1998-99 സാമ്പത്തികവർഷത്തിലെ യഥാർത്ഥ റവന്യൂകമ്മി എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(സി) 1998-99 ലെ റവന്യൂ കമ്മി നികത്താൻ കടമെടുത്തിട്ടുണ്ടെങ്കിൽ എന്ത് പലിശ നിരക്കിലാണ് കടമെടുത്തത്;

(ഡി) സർക്കാർ വായ്പ എടുത്ത സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരുവിവരങ്ങൾ വ്യക്തമാക്കുമോ;

(ഇ) വരവ് ചെലവ് സംബന്ധിച്ച് സർക്കാർ സൂക്ഷിക്കുന്ന കണക്കുകളും അക്കൗണ്ടന്റ് ജനറൽ സൂക്ഷിക്കുന്ന കണക്കുകളും തമ്മിൽ വ്യത്യാസമുണ്ടോ; എങ്കിൽ 1996-97,1997-98, 19998-99 വർഷങ്ങളിലെ വ്യത്യാസം വിശദമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായിട്ടുള്ള കണക്കുകൾ പ്രകാരം 31.3.1998 വരെ സംസ്ഥാനത്തിന്റെ മൊത്തം കടം 14,471.71 കോടി രൂപയാണ്.

(ബി) അന്തിമ കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ല.

(സി) കടമെടുത്ത് റവന്യൂകമ്മി നികത്താൻ സാധിക്കുകയില്ല. റവന്യൂ കമ്മി അപ്രകാരം തന്നെ നിലനിൽക്കും. കടംമെടുക്കുന്നത് വായ്പായിനത്തിലുള്ള വരവായിട്ട് മാത്രമേ കണക്കാക്കുകയുള്ളൂ.

(ഡി) സർക്കാർ വായ്പയെടുത്ത സ്ഥാപനങ്ങൾ എൽ.ഐ.സി., ജി.ഐ.സി. നബാർഡ്, എൻ.സി.ഡി.സി. എന്നിവയാണ്.വ്യക്തികളിൽ നിന്നും വായ്പ സ്വീകരിച്ചിട്ടില്ല.

(ഇ) വരവ് ചെലവ് സംബന്ധിച്ച് സർക്കാരിന്റെ വിവിധ വകുപ്പുകൾ സൂക്ഷിക്കുന്ന കണക്കുകളും അക്കൗണ്ടന്റ് ജനറൽ സൂക്ഷിക്കുന്ന കണക്കുകളും തമ്മിൽ വ്യാത്യാസം വരാറുണ്ട്. ഇത് സംബന്ധിച്ച അനുരഞ്ജന സർട്ടിഫിക്കറ്റ് (റി-കൺസിലിയേഷൻ സർട്ടിഫിക്കറ്റ്) നൽകി

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യാസം ക്രമീകരിക്കുന്നു. വ്യത്യാസം സംബന്ധിച്ച ഏകീകൃതകണക്കുകൾ സർക്കാർ സൂക്ഷിക്കാറില്ല.

5 (1737) എൻ.ആർ.ഐ. നിക്ഷേപം ഉപയോഗിച്ച് ബാങ്ക്

ശ്രീ. കെ. ബാബു :

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.ഐ. നിക്ഷേപം ഉപയോഗിച്ച് ബാങ്ക് ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി)പരിഗണനയിൽ ഇല്ല.

6 (1738) ശബള പരിഷ്ക്കരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കമ്മിറ്റി

ശ്രീ. ജോർജ്ജ് ജോസഫ് :

ശ്രീ. പി.സി. ജോർജ്ജ് :

ശ്രീ. ആന്റണി രാജു :

ശ്രീ. ടി.എസ്. ജോൺ :

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കമ്മിറ്റിയുടെ പരിധിയിൽ വരുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) എന്നാണ് ഈ കമ്മിറ്റി രൂപീകൃതമായത് കമ്മിറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ശമ്പള സ്കെയിലുകളിൽ മാറ്റം വരുത്തുന്നതുൾപ്പെടെയുള്ള പരാതികളിൻമേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശമ്പള പരിഷ്ക്കരണാനന്തരപരാതികളും പൊരുത്തക്കേടുകളും പരിശോധിക്കുന്നതിന് ചീഫ്സെക്രട്ടറി അദ്ധ്യക്ഷനും, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളുമായി ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) പരിഷ്ക്കരണാനന്തര പരാതികളും പൊരുത്തക്കേടുകളും പരിശോധിക്കുക എന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly